# കേരള കാർഷിക സർവ്വകാലശാല

## കാർഷിക കോളേജ്, പടന്നക്കാട്.പി.ഒ,
## കാസറഗോഡ് ജില്ല- പിൻ:671314

നമ്പർ: ഇ2- 8318/2023 തീയ തി: 10-10-2025

**ദർഘാസ് പരസ്യം**

പടന്നക്കാട് കാർഷിക കോളേജ◌ിലെ **ഫുഡ് ക്വാളിറ്റി കൺട്രോൾ ലാബിലേക്ക് ക്യാബിൻ വർക്കുകൾ** ചെയ്യുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ സ്വീകരിക്കുന്ന **അവസാന തീയ്യതി 24.10.2025 ഉച്ചയ്ക്ക് 2.00 മണി** വരെയാണ്. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ അന്നു തന്നെ **2.30** മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് ( ഫോൺ നമ്പർ: 0467 2280616, മൊബൈൽ നം.9962001164) അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ, ടെൻഡർ ഫോം, കരാറുകളുടെ മാതൃക തുടങ്ങിയവ KAU വെബ്സൈറ്റായ www.kau.edu/tenders -ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | വിശദാംശങ്ങൾ |
|---|---|---|---|
| 1 | വർക്ക് ടേബിൾ | 1 | അളവ്- 6ft x 1.5ft<br>മെറ്റീരിയൽ-പോളിഷ് ചെയ്ത ഗ്രാനൈറ്റ് സ്റ്റോൺ ടേബിൾ ടോപ്പ് (ജെറ്റ് ബ്ലാക്ക്), അരികുകൾ മോൾഡ് ചെയ്യണം. |
| 2. | ഓപ്പൺ / ഡ്രോവർ ടൈപ്പ് കബോർഡ് | 2 സെറ്റ് | റാക്കിന്റെ അളവ്- 2ft x 3ft<br>മെറ്റീരിയൽ- അലുമിനിയം ഫ്രെയിമുകൾ, ഗ്ലാസ് |
| | | 1 സെറ്റ് | അളവ്- 6ft x 3ft,<br>ഗ്രാനൈറ്റ് ടോപ്പ് |
| 3 | വർക്ക് ബെഞ്ച് (ചെറുത്) | 1 | അളവ്- 2.6ft x 1ft |

**ഏകദേശ അളവുകളാണ് നൽകിയിരിക്കുന്നത്. ടെൻഡർ സമർപ്പിക്കുന്ന ആൾക്ക് കൃത്യമായ അളവുകൾക്കായി ലാബ് സന്ദർശിക്കാവുന്നതാണ്.**

**ടെൻഡർ ഫീസ്:**

രേഖപ്പെടുത്തിയ മൊത്തം തുകയുടെ 0.2%, 100-ന്റെ അടുത്ത ഗുണിതത്തിലേക്ക് റൗണ്ട് ചെയ്തത് (**കുറഞ്ഞത് : 400/- രൂപ, കൂടിയത്: 1,500/- രൂപ )+ ജി.എസ്.ടി 18 %**

**നിരതദ്രവ്യം: 1,500/- രൂപ**

**ടെൻഡർ നൽകേണ്ട അവസാന തീയതിയും സമയവും : 24.10.2025 2 PM**
**ടെൻഡർ തുറക്കുന്ന തീയതിയും സമയവും : 24.10.2025 2.30 PM**

**ഉപാധികളും നിബന്ധനകളും:**

1. **www.kau.edu/tenders** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ഓരോ ഇനത്തിനും നൽകിയ നിരക്കിൽ ആ ഇനത്തിന്റെ വില, നികുതികൾ, ഫിക്സിങ് നിരക്ക് എന്നിവ ഉൾപ്പെട്ടിരിക്കണം.
3. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു മുകളിൽ **"പടന്നക്കാട് കാർഷിക കോളേജിലെ ഫുഡ് ക്വാളിറ്റി കൺട്രോൾ ലാബിലേക്ക് ക്യാബിൻ വർക്കുകൾ ചെയ്യുന്നതിനുള്ള ടെൻഡർ"** (അറിയിപ്പ് നമ്പർ സഹിതം) എന്ന് എഴുതി ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്, പടന്നക്കാട് (പി.ഒ), കാസർഗോഡ്-671314 എന്ന വിലാസത്തിൽ അയക്കണം.
4. **ടെൻഡറിനൊപ്പം ടെൻഡർ ഫീസ്, ജി.എസ്.ടി, നിരതദ്രവ്യം എന്നിവയ്ക്കുള്ള, ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന പേരിൽ നീലേശ്വരം ശാഖയിൽ മാറാവുന്ന 3 വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ കവറിൽ അടക്കം ചെയ്യേണ്ടതാണ്.** വൈകിയതും അപൂർണ്ണവുമായ ടെൻഡറുകളും, ഇഎംഡിയും ടെൻഡർ ഫീസും സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
5. ഇഎംഡി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള നിലവിലെ സാധുതയുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ കേന്ദ്ര സർക്കാർ എം.എസ്.എം.ഇ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന ഉദ്യം (UDYAM) സർട്ടിഫിക്കറ്റിന്റെ പകർപ്പ് ടെൻഡറിനൊപ്പം ഹാജരാക്കേണ്ടതാണ്.
6. ടെൻഡറിനൊപ്പം 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
7. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപത്രത്തിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ **5% സെക്യൂരിറ്റി ഡെപ്പോസിറ്റായി (ക്യാഷ്/ ബാങ്ക് ഗ്യാരണ്ടി/ ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്.** കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.
8. ടെൻഡർ തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/ പണിമുടക്ക്/ അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ തുറക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.
9. ടെൻഡർ സ്വീകരിച്ചതിനു ശേഷം അത് പിൻവലിക്കുന്നതും കരാറിൽ വീഴ്ച വരുത്തുന്നതുമായ കരാറുകാരുടെ ടെൻഡറുകൾ റദ്ദു ചെയ്യുന്നതായിരിക്കും.
10. ടെൻഡർ സ്വീകരിക്കുന്ന മുറയ്ക്ക് വർക്ക് ഓർഡർ നൽകും. വർക്കിന്റെ ഇൻവോയ്സ് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന വിലാസത്തിൽ നൽകേണ്ടതാണ്. ജോലി തൃപ്തികരമായി പൂർത്തിയാക്കിയതിന് ശേഷമേ പ്രതിഫലം നൽകുകയുള്ളു. കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും.
11. വിജയിക്കുന്ന കരാറുകാരൻ **വർക്ക് ഓർഡർ ലഭിച്ച തീയ്യതി മുതൽ ഒരാഴ്ചയ്ക്കുള്ളിൽ**

**ജോലി പൂർത്തിയാക്കണം.**

12. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം കോളേജ് ഡീനിനായിരിക്കും.
13. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

**Dr. Sajitha Rani T**
**DEAN**

സ്വീകർത്താവ് :-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. കോളേജ് വെബ്സൈറ്റ്
3. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
4. മുനിസിപ്പൽ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
5. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്
6. പർച്ചേസ്/വർക്ക് കമ്മിറ്റി അംഗങ്ങൾ

പകർപ്പ്:- ഡോ.കൃഷ്ണശ്രീ.വി, അസിസ്റ്റന്റ് പ്രൊഫസർ (ഫുഡ് & ന്യൂട്രിഷൻ )

//അംഗീകാരത്തോടെ അയയ്ക്കുന്നത്//

Signed by
Mahesh Kumar K M
Date: 13-10-2025 10:07:29

സെക്ഷൻ ഓഫീസർ